# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1180 04.02.2019 ൽ മറുപടിക്ക്**

**സാങ്കേതിക യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫർ വഴി നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

എ) പൊതുമരാമത്ത് വകുപ്പിലെ സബോർഡിനേറ്റ് തസ്തികയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫർ വഴി അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ അടക്കമുള്ള ടെക്നിക്കൽ തസ്തികകളിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

എ) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പൊതുമരാമത്ത് വകുപ്പിലെ സബോർഡിനേറ്റ് തസ്തികയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫർ ആയി ഉയർന്ന തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**1. അസിസ്റ്റന്റ് എഞ്ചിനീയർ**

ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസീയർ / ട്രേസർ തസ്തികയിൽ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 2 വർഷം സേവന ദൈർഘ്യവും ക്ലാർക്ക്, ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 6 വർഷത്തെ സേവനദൈർഘ്യവും ഉണ്ടായിരിക്കണം. കൂടാതെ താഴെ പറയുന്ന ഏതെങ്കിലും വിദ്യാഭ്യാസയോഗ്യത ഉണ്ടായിരിക്കണം

1) എഞ്ചിനീയറിംഗ് ഡിഗ്രി
2) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഇൻഡ്യയുടെ അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യം.
3) അസോസിയേറ്റ് മെമ്പർഷിപ്പ് പരീക്ഷകൾ എ & ബി സെക്ഷനുകളിലെ വിജയം.

**2. ഒന്നാംതരം ഡ്രാഫ്റ്റ്സ് മാൻ**

2 വർഷത്തെ സേവന ദൈർഘ്യവും ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ള രണ്ടാംതരം ഓവർസിയർ / ഡ്രാഫ്റ്റ്സ്മാൻ, മൂന്നാംതരം ഓവർസിയർ / ഡ്രാഫ്റ്റ്സ്മാൻ, ക്ലാർക്ക്, ടൈപ്പിസ്റ്റ് ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് അപേക്ഷിക്കാം.

**3. മൂന്നാംതരം ഓവർസിയർ**

നിലവിൽ സ്പെഷ്യൽ റൂൾ അനുസരിച്ച് പൊതുമരാമത്ത് വകുപ്പിൽ ജോലി ചെയ്യുന്ന നിശ്ചിത യോഗ്യതയുള്ള ബ്ലൂ പ്രിന്റർമാരെയും ബൈട്രാൻസ്ഫർ വഴി അറ്റൻഡർമാരെയും (ഇപ്പോൾ ഈ തസ്തിക വകുപ്പിൽ നിലവിലില്ല) മാത്രമാണ് പ്രൊമോഷൻ വഴി നിയമിക്കുന്നത്. വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു.

1. SSLC pass + Certificate in Civil Engineering

അല്ലെങ്കിൽ

SSLC pass + Junior Technical School Leaving Certificate

2. മേൽ പറഞ്ഞവരുടെ അഭാവത്തിൽ Tracing, Sketching, Drawing എന്നിവയിൽ പരിചയം ഉള്ളവരെയും നിയമിക്കാം .

ബി) ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പിലെ ടെക്നിക്കൽ തസ്തികകളിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളിലേയ്ക്ക് അപേക്ഷിക്കുന്നതിന് ടെക്നിക്കൽ യോഗ്യതയും ഫീൽഡ് പരിചയവും ഉള്ളതും ബൈട്രാൻസ്ഫർ നിയമനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കുവാൻ അർഹതയുണ്ടോ; വിശദമാക്കാമോ;

സി) മറ്റ് പല വകുപ്പുകളിലും ഉയർന്ന തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് ക്ലാസ്സ് III ജീവനക്കാരായ ഡ്രൈവർമാർക്ക് അവസരമുള്ളതുപോലെ പൊതുമരാമത്ത് വകുപ്പിലെ ഡ്രൈവർമാരെ കൂടി യോഗ്യതയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസീയർ പോലുള്ള ഉയർന്ന തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബി) & സി) നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ഇത്തരം നിയമനങ്ങൾ സാധ്യമല്ല. പൊതുമരാമത്ത് വകുപ്പിലെ ഡ്രൈവർമാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ പോലുള്ള തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്ന കാര്യത്തിൽ നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

സെക്ഷൻ ഓഫീസർ